പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2340 18/02/2016 ൽ മറുപടിക്ക്

## കാസർഗോഡ് മണ്ഡലത്തിലെ പ്രൈമറി & കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ

| ചോദ്യം<br>ശ്രീ. എൻ .എ. നെല്ലിക്കുന്ന് | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെന്റർ (പി.എച്ച്.സി.) & കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (സി.എച്ച്.സി.) കൾ എത്ര; ഇവയിൽ എത്ര തസ്തികകളാണ് ഉള്ളത്; പ്രസ്തുത തസ്തികകളിൽ ഒഴിഞ്ഞു കിടക്കുന്നവ ഏതെല്ലാം; എത്ര കാലമായി ഒഴിഞ്ഞു കിടക്കുന്നു; പ്രസ്തുത തസ്തികകൾ എന്നത്തേക്ക് നികത്താനാണ് ഉദ്ദേശിക്കുന്നത്; | (എ) | സാമൂഹികാരോഗ്യകേന്ദ്രം - 1 എണ്ണം<br>പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ - 6 എണ്ണം |

| കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിലെ സി. എച്ച്.സി./ പി.എച്ച്.സി. | ആകെ തസ്തികകളുടെ എണ്ണം | ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ |
|---|---|---|
| സി.എച്ച്.സി. ബദിയടുക്ക | 35 (മുപ്പത്തിയഞ്ച്) | അസിസ്റ്റന്റ് സർജൻ - 5<br>സ്റ്റാഫ് നേഴ്സ് ഗ്രേഡ് I -1 |
| പി.എച്ച്.സി. ബെള്ളൂർ | 15 (പതിനഞ്ച്) | ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് ഗ്രേഡ് I-1<br>എച്ച്.എ. ഗ്രേഡ് I -1<br>പി.ടി.എസ്. - 1<br>അസിസ്റ്റന്റ് സർജൻ - 1 |
| പി.എച്ച്.സി. കുംബഡാജെ | 17 (പതിനേഴ്) | എച്ച്.എ. ഗ്രേഡ് II -1<br>ജെ.പി.എച്ച്. എൻ. ഗ്രേഡ് I -1<br>എൽ.എച്ച്.ഐ. ഗ്രേഡ് I -1<br>ഫാർമസിസ്റ്റ് - 1<br>അസിസ്റ്റന്റ് സർജൻ - 1 |
| പി.എച്ച്.സി. മുള്ളേരിയ | 15 (പതിനഞ്ച്) | ജെ.പി.എച്ച്. എൻ. ഗ്രേഡ് I -1 |
| പി.എച്ച്.സി. ചെങ്കള | 18 (പതിനെട്ട്) | ജെ.പി.എച്ച്. എൻ. ഗ്രേഡ് I -1 |
| പി.എച്ച്.സി. മൊഗ്രാൽപുത്തൂർ | 17 (പതിനേഴ്) | ഒഴിവില്ല |
| പി.എച്ച്.സി. മധൂർ | 8 (എട്ട്) | സ്റ്റാഫ് നേഴ്സ് ഗ്രേഡ് I -I |

| | | | |
|---|---|---|---|
| | | | നിലവിലുള്ള അസിസ്റ്റന്റ് സർജന്റെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.യിൽ നിന്ന് നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. സ്റ്റാഫ് നഴ്സ് ഗ്രേഡ്-I, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-I, എൽ.എച്ച്.ഐ. എന്നീ തസ്തികകളുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എച്ച്.എ. ഗ്രേഡ്-I, പി.റ്റി.എസ്. എന്നീ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഫാർമസിസ്റ്റിന്റെ റാങ്ക് ലിസ്റ്റ് നിലവിലില്ല. താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് മണ്ഡലത്തിലെ ഏതെങ്കിലും പി.എച്ച്.സി.യെ സി.എച്ച്.സി. യായി ഉയർത്തിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും സി.എച്ച്.സി.യെ താലൂക്ക് ആശുപത്രി യായി ഉയർത്താനുള്ള സാധ്യതകൾ ഉണ്ടോ; ഇതേക്കുറിച്ച് നടത്തിയിട്ടുള്ള പഠനങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ? | (സി) | ബദിയടുക്ക സി.എച്ച്.സി.യെ താലൂക്കാശുപത്രിയായി ഉയർത്തണമെന്ന ആവശ്യം നിലവിലുണ്ടെങ്കിലും ബദിയടുക്കയിൽ മെഡിക്കൽ കോളേജ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ ബദിയടുക്ക സി.എച്ച്.സി.യിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട് സി.എച്ച്.സി. യായിതന്നെ നിലനിർത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ